## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2740** **12.02.2019-ൽ മറുപടിക്ക്**

### ആവാസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ആവാസ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ ഇവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;<br><br>(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് എപ്രകാരമാണ്; വിശദാംശം നൽകുമോ; | (എ)<br>യും<br>(ബി)<br>യും<br>(സി)<br>യും | ഉണ്ട്.<br>ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് "ആവാസ്" എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഓരോത്തർക്കും 15,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷുറസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് ലിങ്കിഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകിവരുന്നത്. ആധാർ കാർഡിന്റെ മാതൃകയിൽ, ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡ് സവിശേഷ തിരിച്ചറിയൽ നമ്പർ ക്യൂആർ കോഡ് എന്നിവ ഉണ്ടായിരിക്കും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകൃത ഏജൻസികൾ മുഖേന നൽകുന്ന ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖ അടിസ്ഥാനമാക്കിയാണ് ആവാസ് കാർഡ് നൽകപ്പെടുന്നത്. |

(ഡി) പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെയായി എത്ര പേർ അംഗമായിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) 05/02/2019 വരെ ആവാസ് പദ്ധതി പ്രകാരം 3,60,176 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 36593 |
| കൊല്ലം | 18477 |
| പത്തനംതിട്ട | 18577 |
| ആലപ്പുഴ | 26486 |
| കോട്ടയം | 23791 |
| തൃശ്ശൂർ | 32505 |
| ഇടുക്കി | 13552 |
| എറണാകുളം | 72045 |
| പാലക്കാട് | 18553 |
| മലപ്പുറം | 22485 |
| കോഴിക്കോട് | 32451 |
| വയനാട് | 9432 |
| കണ്ണൂർ | 23001 |
| കാസർഗോഡ് | 12228 |
| **ആകെ** | **360176** |

(ഇ) ആവാസ് പദ്ധതി പ്രകാരം നാളിതുവരെയായി എത്ര തൊഴിലാളികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ?

(ഇ) ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി അപകടമരണ ഇൻഷ്വറൻസ് തുകയായി 12 ലക്ഷം രൂപയും ചികിത്സാ ധനസഹായമായി 50,706/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.